'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ല - റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. വി. അജിതയ്ക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

**സ.ഉ.(സാധാ) നം.1295/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/06/2019**

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 10.01.2017-ലെ ഡി6-138/2017 നമ്പർ നടപടിക്രമങ്ങൾ

2 പഞ്ചായത്ത് ഡയറക്ടറുടെ 28.01.2017-ലെ ഡി6-138/2017 നമ്പർ കുറ്റാരോപണ മെമ്മോ

3 പഞ്ചായത്ത് ഡയറക്ടറുടെ 06.05.2017-ലെ ഡി6-138/2017 നമ്പർ നടപടിക്രമങ്ങൾ

4 പഞ്ചായത്ത് ഡയറക്ടറുടെ 07.08.2017-ലെ ഡി6-138/2017 നമ്പർ നടപടിക്രമങ്ങൾ

5 സർക്കാരിന്റെ 21.07.2018-ലെ ഇപിബി2/25/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

6 ശ്രീമതി. വി. അജിത ഉചിത മാർഗ്ഗേനയല്ലാതെ സമർപ്പിച്ച 08.11.2018-ലെ പ്രതിവാദ പത്രിക

## ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. വി. അജിത തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ട് പ്രകാരം റാന്നി-പെരുനാട് വില്ലേജിൽ സർവ്വെ നമ്പർ 737/2-2-5 വസ്തുവിൽ നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണം നിർത്തി വയ്ക്കുന്നതിന് 24.12.2016-ന് നോട്ടീസ് നൽകുകയും 26.12.2016-ന് ഈ അനധികൃത കെട്ടിട നിർമ്മാണം വിപുലീകരിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകുകയും ചെയ്തു. ആയതിലൂടെ ഗുരുതരമായ അധികാര ദുർവിനിയോഗവും കൃത്യവിലോപവും നടപടിക്രമങ്ങളുടെ നഗ്നമായ ലംഘനവും സ്വകാര്യ താത്പര്യം സംരക്ഷിക്കുന്നതിന് അവിശുദ്ധ മാർഗ്ഗങ്ങൾ സ്വീകരിച്ചതിനും പത്തനംതിട്ട പെരുനാട് വില്ലേജിൽ എരുവാറ്റുപുഴ പഴയപറമ്പിൽ ശ്രീമതി. ശശികല മോഹൻ എന്നയാളിന്റെ 29.12.2016 ലെ പരാതിയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ശ്രീമതി. വി. അജിതയെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചുവടെ പറയുന്ന കുറ്റാരോപണങ്ങൾ മുൻനിർത്തി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു.

എരുവാറ്റുപുഴ, പഴയപറമ്പിൽ വീട്ടിൽ ശ്രീമതി. ശശികല മോഹൻ തന്റെ അയൽവാസിയായ എരുവാറ്റുപുഴ പുത്തൻവിള കിഴക്കതിൽ വീട്ടിൽ ശ്രീമതി. ഉഷാകുമാരി എന്നവർ അതിരുകല്ലുകൾ എടുത്തുമാറ്റി അതിരിൽ നിന്നും നിശ്ചിത അകലം പാലിക്കാതെ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ ലംഘിച്ചു നടത്തുന്ന കെട്ടിട നിർമ്മാണത്തിനെതിരെ നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീമതി. ഉഷാകുമാരി 737/2-2-5 സർവ്വേ നമ്പർ സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനുള്ള നിരാക്ഷേപപത്രതിന് നൽകിയ അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ടി വസ്തുവിന്റെ അതിർത്തി സംബന്ധിച്ച് തർക്കം നില നിൽക്കുന്നതിനാലും അതിർത്തി മനസ്സിലാക്കാൻ സാധിക്കാത്തതിനാലും അതിർത്തി നിർണ്ണയിച്ചതിന് ശേഷം മാത്രമേ നിരാക്ഷേപ പത്രം നൽകാൻ സാധിക്കുകയുള്ളു എന്നും നിലവിൽ നടത്തി വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കുന്നതിനും 24.12.2016-ന് ശ്രീമതി. ഉഷാകുമാരിക്ക് നോട്ടീസ് നൽകുകയും എന്നാൽ 26.12.2016-ന് ടി സർവ്വേ നമ്പർ സ്ഥലത്ത് കെട്ടിടം വിപുലീകരിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകുകയും ചെയ്തു. 24.12.2016 ന് നിരാക്ഷേപപത്രം നിഷേധിച്ച് നോട്ടീസ് നൽകി 25.12.2016 പൊതു അവധിക്ക് ശേഷം 26.12.2016 ന് പ്രത്യേക കാരണങ്ങളോ അടിയന്തിര സാഹചര്യമോ, ബഹു.കോടതികൾ ,സർക്കാർ മേലധികാരികൾ എന്നിവരുടെ ആരുടെയെങ്കിലും പ്രത്യേക നിർദ്ദേശമോ ഇല്ലാതെ സ്വമേധയാ മുൻതീരുമാനം റദ്ദാക്കി അസാധാരണ വേഗത്തിൽ നിരാക്ഷേപ പത്രം നൽകിയ ശ്രീമതി. അജിതയുടെ നടപടി സ്വകാര്യ വ്യക്തിയുടെ താത്പര്യം സംരക്ഷിക്കുന്നതിനും സ്വകാര്യ വ്യക്തിക്ക് അനർഹമായ ആനുകൂല്യവും സൗകര്യവും നൽകുന്നതിന് അനുകൂലമായി കുറഞ്ഞ സമയം കൊണ്ട് വ്യവസ്ഥാപിത നടപടി ക്രമങ്ങൾ തെറ്റിച്ച് ദ്രുതഗതിയിൽ നിരാക്ഷേപ പത്രം നൽകിയതാണെന്നും വ്യക്തമാണ്.

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി. വി. അജിത സമർപ്പിച്ച പ്രതിവാദ പത്രികയുടെ അടിസ്ഥാനത്തിൽ ശ്രീമതി. വി. അജിതയ്ക്കെതിരെ തുടർന്നു വന്ന അച്ചടക്ക നടപടി നിലനിർത്തിക്കൊണ്ട് ശ്രീമതി. വി. അജിതയെ സേവനത്തിൽ പുനഃപ്രവേശിപ്പിച്ച് പരാമർശം (3) പ്രകാരം ഉത്തരവാകുകയുണ്ടായി. ശ്രീമതി. വി. അജിതയ്ക്കെതിരെ അച്ചടക്കനടപടി തുടർന്ന് വരവേ ടിയാരി 31.05.2017-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ശ്രീമതി. വി. അജിതയ്ക്കെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി പരാമർശം ( 4 ) നടപടിക്രമങ്ങൾ പ്രകാരം അവസാനിപ്പിച്ച് കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം തുടർനടപടികൾ സ്വീകരിയ്ക്കാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം ശ്രീമതി. വി. അജിതയുടെ പ്രതിമാസ പെൻഷനിൽ നിന്നും 1000/-രൂപ വീതം അഞ്ചു വർഷത്തേക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. വി. അജിത ഉചിത മാർഗ്ഗേനയല്ലാതെ പരാമർശം (6) പ്രകാരം പ്രതിവാദ പത്രിക സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. വി. അജിതയുടെ പ്രതിമാസ പെൻഷനിൽ നിന്നും 1000/-രൂപ വീതം അഞ്ചു വർഷത്തേക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീമതി. വി. അജിതയ്ക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. വി. അജിതയ്ക്കെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ നിഷ്കർഷിക്കും പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

File No.LSGD-EPB2/25/2018-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡീഷണല് സെക്രട്ടറി

പകർപ്പ്

1. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പത്തനംതിട്ട

   (പരാമർശം (1), (3), (4), (5), (6) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ശ്രീമതി. വി. അജിത, മുൻ സെക്രട്ടറി, റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/25/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ